(ബി&സി) ഡി.പി.ഇ.പി പ്രവർത്തനങ്ങളുടെ ഭാഗമായി പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കിയതിനുശേഷം കുട്ടികളുടെ പഠനം, പഠനനേട്ടങ്ങൾ, ക്ലാസ്സ് റൂം അന്തരീക്ഷം, സംവിധാനങ്ങളുടെ കാര്യക്ഷമത എന്നീ കാര്യങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ പഠനങ്ങൾ വഴി വിലയിരുത്തിയിട്ടുണ്ട്. ഈ പഠനങ്ങൾ അദ്ധ്യാപക പരിശീലനം ആസൂത്രണം ചെയ്യുന്നതിനു വേണ്ടിയാണ് പ്രധാനമായും ഉപയോഗിച്ചിട്ടുള്ളത്. ഇത് അദ്ധ്യാപകർക്കിടയിലും സംവിധാനത്തിനുള്ളിലും വ്യാപകമായി ചർച്ച ചെയ്തിട്ടുണ്ട്.

(ഡി) 3-12-1999 വരെ 2367.59 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) സ്കൂൾ കെട്ടിടം കെട്ടുന്നതിനു വേണ്ടി 907.65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അത് ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | അരിക്കോട് | 61.25 ലക്ഷം രൂപ |
| 2. | ഇടപ്പാൾ | 47.95 ലക്ഷം രൂപ |
| 3. | കീഴ്ശ്ശേരി | 44.63 ലക്ഷം രൂപ |
| 4. | കൊണ്ടോട്ടി | 54.65 ലക്ഷം രൂപ |
| 5. | കുറ്റിപ്പുറം | 50.85 ലക്ഷം രൂപ |
| 6. | മലപ്പുറം | 50.93 ലക്ഷം രൂപ |
| 7. | മഞ്ചേരി | 60.56 ലക്ഷം രൂപ |
| 8. | മങ്കട | 53.44 ലക്ഷം രൂപ |
| 9. | മേലത്തൂർ | 49.46 ലക്ഷം രൂപ |
| 10. | നിലമ്പൂർ | 56.66 ലക്ഷം രൂപ |
| 11. | പെരിന്തൽമണ്ണ | 67.90 ലക്ഷം രൂപ |
| 12. | പരപ്പനങ്ങാടി | 52.57 ലക്ഷം രൂപ |
| 13. | പൊന്നാനി | 40.56 ലക്ഷം രൂപ |
| 14. | താനൂർ | 44.56 ലക്ഷം രൂപ |
| 15. | തിരൂർ | 45.48 ലക്ഷം രൂപ |
| 16. | വേങ്ങര | 62.56 ലക്ഷം രൂപ |
| 17. | വണ്ടൂർ | 63.56 ലക്ഷം രൂപ |
| | ആകെ | 907.65 ലക്ഷം രൂപ |

**വിദ്യാഭ്യാസവകുപ്പിലെ അധികാര വികേന്ദ്രീകരണം**

20 (1230) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസവകുപ്പിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ വരുന്ന ഏതെല്ലാം അധികാരങ്ങളാണ് വികേന്ദ്രീകരിച്ച് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വികേന്ദ്രീകരണത്തിന്റെ ഭാഗമായി സെക്രട്ടറിയുടെ ഏതൊക്കെ അധികാരങ്ങളാണ് താഴെതട്ടിലേക്ക് വിനൃസിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി&ഡി) അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരള പഞ്ചായത്തിരാജ് ആക്ട്, കേരളമുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വൃവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് 18-9-1995-ലെ സ.ഉ.(പി.)നമ്പർ.189/95/ത.ഭ.വ. പ്രകാരം കൈമാറ്റം ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസവകുപ്പിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ 21-9-1995-ലെ പി.എൽ(4)39530/94 നമ്പർ കത്ത് പ്രകാരം അധികാരം കൈമാറിയിട്ടുണ്ട്. 18-1-1996-ലെ സ.ഉ.(എം.എസ്.)നം.14/96/ പൊ.വി.പ്രകാരം, കൈമാറ്റം ചെയ്യപ്പെട്ട പദ്ധതികളും സ്ഥാപനങ്ങളും അധികാരങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)†

**ശ്രീമതി വി. കമലാക്ഷിക്ക് ആശ്രിതജോലി ലഭിക്കാൻ നടപടി**

**21 (1231)** ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ ഗവ. ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരിക്കെ മരണപ്പെട്ട ഗംഗാധരന്റെ സഹോദരി വി. കമലാക്ഷിക്ക് 9 വർഷം കഴിഞ്ഞിട്ടും ആശ്രിതർക്കുള്ള ജോലി ലഭിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ 9 വർഷമായിട്ടും കഴിയാതെ വന്നതെന്തു കൊണ്ടാണെന്നറിയിക്കാമോ ;

(സി) ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിൽ (നം. 40205ജി3/ 99/പൊ.വി.) എപ്പോൾ തീരുമാനമുണ്ടാകുമെന്നറിയിക്കാമോ ?

ഉത്തരം

(എ) മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥ അനുസരിച്ച് ജോലിക്കായി പരേതനായ ഗംഗാധരന്റെ സഹോദരി ശ്രീമതി കമലാക്ഷി അപേക്ഷിച്ചിരുന്നു വെന്നും ഈ അപേക്ഷയിന്മേൽ ഇനിയും തീരുമാനമായിട്ടില്ല എന്നുമുള്ള ഒരു പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ സർക്കാരിലും വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലുമുള്ള ഫയലുകളും രജിസ്റ്ററുകളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കാൻ നിർവാഹമില്ല.

(സി) മുൻ അപേക്ഷ ലഭ്യമല്ലാത്ത സാഹചര്യത്തിൽ എല്ലാ ബന്ധപ്പെട്ട രേഖകളോടും കൂടി ഒരു പുതിയ അപേക്ഷ സമർപ്പിച്ചാൽ ആവശ്യം പരിഗണിക്കുന്നതാണ്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 20 (1230) കാണുക]

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ-അധികാര വികേന്ദ്രീകരണം-കേരളപഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും പദ്ധതികളും സംബന്ധിച്ച് പൊതു മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

ജി.ഒ.(എം.എസ്.)നം: 14/96/പൊ.വി തീയതി, തിരുവനന്തപുരം, 18-1-1996

---

*പരാമർശം* :- 1) 18-9-1995-ലെ ജി.ഒ.(പി) 189/95/തഭവ നമ്പർ ഉത്തരവ്

2) വിദ്യാഭ്യാസ ഡയറക്ടറുടെ 21-9-1995 ലെ പി.എൽ(4) 39530/94/ നമ്പർ കത്ത്

3) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29-11-1995 ലെ പി.എൽ(4) 39530/94 നമ്പർ കത്ത്

ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ട സ്ഥാപനങ്ങളും പദ്ധതികളും അധികാരങ്ങളും പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ കൈമാറ്റം നടത്തിയിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും അധികാരങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈകാര്യം ചെയ്യുന്നതിന് അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നീലാ ഗംഗാധരൻ,
സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മുനിസിപ്പൽ ഡയറക്ടർ/പഞ്ചായത്ത് ഡയറക്ടർ
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ ആന്റ് ഇ), കേരള
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ആഫീസർമാർക്കും സെക്ഷനുകൾക്കും. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സെക്ഷൻ ആഫീസർ

പുറത്തെഴുത്ത് നമ്പർ പി.എൽ.(4)39530/94/ഡി.പി.ഐ. തീയതി : 13-2-1996

പകർപ്പ് എല്ലാ ഉപവിദ്യാഭ്യാസ ഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ഉപജില്ല വിദ്യാഭ്യാസ ആഫീസർക്കും എല്ലാ സ്കൂൾ മേധാവികൾക്കും (ഗ്രാമ/ബ്ലോക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും) മുനിസിപ്പൽ/കോർപ്പറേഷൻ ചെയർമാന്മാർക്കും മാർഗ്ഗനിർദ്ദേശത്തിന്റെ പകർപ്പു സഹിതം അയയ്ക്കുന്നു.

**പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ള അധികാരങ്ങളും അവയുടെ മാർഗ്ഗ നിർദ്ദേശങ്ങളും**

| | | |
|---|---|---|
| (എ) | ഗ്രാമ പഞ്ചായത്തുകളിലുള്ള എൽ. പി. സ്കൂളുകളുടെ നിയന്ത്രണം : | (1) ഗ്രാമപഞ്ചായത്തിലെ എൽപി. സ്കൂളുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുക |
| | | (2) സ്കൂളുകളുടെ സുഗമവും ക്രിയാത്മകവുമായ പ്രവർത്തനത്തിന് വിഘാതമായി നില്ക്കുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെമേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഉപവിദ്യാഭ്യാസ ഡയറക്ടറോട് ശുപാർശ ചെയ്യുക |
| | | (3) വർഷാരംഭത്തിൽ തന്നെ എൽ. പി. സ്കൂളുകളിൽ ഉണ്ടാകുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരമോ, എംപ്ലോയ്മെന്റ് എക്സേഞ്ച് വഴിയോ ഉപവിദ്യാഭ്യാസ ഡയറക്ടറെക്കൊണ്ട് നികത്തിപ്പിക്കുക |
| | | (4) എൽ.പി. സ്കൂളുകളിൽ നിന്നും കുട്ടികൾ പഠനം അവസാനിപ്പിച്ച് കൊഴിഞ്ഞ് പോകുന്നത് തടയുവാനുള്ള നടപടി, വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സഹായ സഹകരണത്തോടെ നടപ്പിലാക്കുക |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| (ബി) | സർക്കാർ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക | (1) ഗ്രാമപഞ്ചായത്തിലുള്ള സ്കൂളുകളുടെ ഓല കെട്ടി മേച്ചിലും ആവശ്യമായ അറ്റകുറ്റപ്പണികളും യഥാസമയം നടത്തുക<br>(2) സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുക |
| (സി) | സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക | (1) ഉച്ചഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുകയും അതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക<br>(2) ഉച്ചഭക്ഷണ വിതരണത്തിനുള്ള സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുകയും ഭക്ഷ്യസാധനങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക |
| (ഡി) | പ്രീ-പ്രൈമറി സ്കൂളുകളും വ്യാവസായിക പരിശീലന കേന്ദ്രങ്ങളും ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയ സ്കൂളുകൾ നടത്തുക | ഗ്രാമപഞ്ചായത്തിന് പ്രീ-പ്രൈമറി സ്കൂളുകൾ ആവശ്യമാണെന്ന് കണ്ടാൽ അവ സ്ഥാപിക്കുക, യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുക, അവർക്ക് ശമ്പളം ഉൾപ്പെടെയുള്ള ആവശ്യങ്ങൾ അനുവദിച്ച് നൽകുക തുടങ്ങിയവ ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കണം |
| (ഇ) | വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക | സ്കോളർഷിപ്പുകളും ഗ്രാന്റുകളും അർഹരായ കുട്ടികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും അവ യഥാസമയം വിതരണം നടത്തുകയും ചെയ്യുക |
| (എഫ്) | അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മറ്റ് സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക | ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് |
| (ജി) | സ്കൂളുകളിൽ കായികാദ്ധ്യാന സംസ്കാരം അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക | സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ കഴിവ് കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനം ബന്ധപ്പെട്ട സ്കൂൾ അധികൃതർ നൽകുന്നുണ്ടോ എന്ന് വിലയിരുത്തിവേണ്ട നടപടി സ്വീകരിക്കുക |

LIBRARY ARCHIVES Kerala Legislative Assembly

**ഗ്രാമപഞ്ചായത്തുകൾ പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി ചെയ്യേണ്ട പൊതുവായ കാര്യങ്ങൾ**

(1) സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനൊപ്പം അതിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക.

(2) അക്ഷരപുലരി, ആവശ്യപഠന നിലവാര പദ്ധതി എന്നിവ കാര്യക്ഷമമായി നടത്തിക്കുകയും അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.

(3) പഞ്ചായത്ത് തലത്തിലുള്ള സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുകയും അവയുടെ പ്രവർത്തനം ഗുണകരമായി മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരമുയർത്തുന്നതിനുള്ള പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കാനായി നേതൃത്വം നൽകുകയും ചെയ്യുക.

**ജില്ലാപഞ്ചായത്തിന്റെ അധികാരങ്ങളും അവയുടെ മാർഗ്ഗനിർദ്ദേശങ്ങളും**

(എ) ജില്ലയിലെ വയോജന-അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾക്ക് നേതൃത്വം നല്കുക ;

(ബി) സാക്ഷരതാ പ്രവർത്തനങ്ങളുടെ നിയന്ത്രണവും കോ-ഓർഡിനേഷനും ;

} ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്

(സി) ഹൈസ്കൂളുകളുടേയും അപ്പർ പ്രൈമറി സ്കൂളുകളുടേയും നിയന്ത്രണവും മേൽനോട്ടവും ;

(1) ജില്ലാപഞ്ചായത്തിന്റെ പരിധിയിൽ ഉള്ള അപ്പർ പ്രൈമറി, ഹൈസ്കൂൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുക

(2) പ്രസ്തുത സ്കൂളുകളുടെ സുഗമവും ക്രിയാത്മകവുമായ പ്രവർത്തനത്തിന് വിഘാതമായി നില്ക്കുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ മേൽ അന്വേഷണം നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഉപവിദ്യാഭ്യാസ ഡയറക്ടറോട് ശുപാർശ ചെയ്യുക

(3) വർഷാരംഭത്തിൽ തന്നെ പ്രസ്തുത സ്കൂളുകളിൽ ഉള്ള അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ, ഉപവിദ്യാഭ്യാസ ഡയറക്ടറെക്കൊണ്ട് നികത്തിപ്പിക്കുക

(4) അപ്പർ പ്രൈമറി സ്കൂളുകളിൽ നിന്നും കുട്ടികൾ പഠനം അവസാനിപ്പിച്ച് കൊഴിഞ്ഞ് പോകുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുക

LIBRARY ARCHIVES Kerala Legislative Assembly

## ജില്ലാ പഞ്ചായത്തുകൾ പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി ചെയ്യേണ്ട പൊതുവായ കാര്യങ്ങൾ

ജില്ലാ പഞ്ചായത്ത് തലത്തിലുള്ള സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുകയും അവയുടെ പൊതുസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യുക.

## കേരള മുനിസിപ്പാലിറ്റി ആക്ടനുസരിച്ച് മുനിസിപ്പാലിറ്റിയുടെ അധികാരങ്ങളും അവയുടെ മാർഗ്ഗനിർദ്ദേശങ്ങളും

| | | |
|---|---|---|
| (1) | സർക്കാർ എൽ.പി., യു.പി., ഹൈസ്കൂളുകളുടെ നിയന്ത്രണവും മേൽനോട്ടവും | (1) മുനിസിപ്പാലിറ്റിയുടേയും കോർപ്പറേഷന്റേയും അധികാര പരിധിയിലുള്ള എൽ.പി., യു.പി. ഹൈസ്കൂളുകളിൽ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ തങ്ങളുടെ ചുമതലകൾ കാര്യക്ഷമമായും കൃത്യനിഷ്ഠയോടും നിർവ്വഹിക്കുന്നുണ്ടോ എന്ന് വിലയിരുത്തുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക |
| | | (2) സ്കൂളുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെമേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ ഉപവിദ്യാഭ്യാസ ഡയറക്ടറോട് ശുപാർശ ചെയ്യുക |
| | | (3) വർഷാരംഭത്തിൽ തന്നെ എൽ.പി., യു.പി., ഹൈസ്കൂളുകളിൽ ഉണ്ടാകുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരമോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ഉപവിദ്യാഭ്യാസ ഡയറക്ടറെക്കൊണ്ട് നികത്തിപ്പിക്കുക |
| | | (4) എൽ.പി., യു.പി., സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ പഠനം അവസാനിപ്പിച്ചുള്ള കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക |
| (ബി) | സർക്കാർ സ്കൂൾ കെട്ടിങ്ങൾ നിർമ്മിക്കുകയും അവയ്ക്ക് അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുക | (1) മുനിസിപ്പൽ ഏരിയായിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുക |
| | | (2) സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുക |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| (സി) | സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക | (1) ഉച്ചഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുകയും അതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക<br>(2) ഉച്ചഭക്ഷണ വിതരണത്തിനുള്ള സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുകയും ഭക്ഷ്യ സാധനങ്ങൾ സ്കൂളിൽ എത്തിക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക |
| (ഡി) | പ്രീ-പ്രൈമറി സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുക | മുനിസിപ്പൽ പ്രദേശത്ത് പ്രീ-പ്രൈമറി സ്കൂളുകൾ ആവശ്യമാണെന്ന് കണ്ടാൽ അവ സ്ഥാപിച്ച് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിച്ച് അവർക്ക് ശമ്പളം നൽകുന്നത്. ഉൾപ്പെടെയുള്ള കാര്യങ്ങൾ മുനിസിപ്പാലിറ്റിക്ക് സ്വന്തമായി ചെയ്യാവുന്നതാണ് |
| (ഇ) | വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക | സ്കോളർഷിപ്പുകളും ഗ്രാന്റുകളും അർഹതയുള്ള കുട്ടികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും അവ യഥാസമയം വിതരണം നടത്തുകയും ചെയ്യുക |
| (എഫ്) | അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മറ്റ് സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക | ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് |
| (ജി) | സ്കൂളുകളിൽ കായികാദ്ധ്യാന സംസ്കാരം പ്രോത്സാഹിപ്പിക്കുക | എൽ.പി., യു.പി., ഹൈസ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിൽ താത്പര്യമുള്ള കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്കൂളുകൾ നടപടിയെടുക്കാറുണ്ടോ എന്ന് മുനിസിപ്പാലിറ്റിക്ക് വിലയിരുത്താവുന്നതാണ്. അതോടൊപ്പം കിറ്റ് അലവൻസിനുള്ള പ്രൊപ്പോസ്സൽ ജില്ലാ ഓഫീസർക്ക് |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| | സമർപ്പിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട ഹൈസ്കൂൾ അദ്ധ്യാപകൻ കിറ്റ് അലവൻസിനുവേണ്ടി സ്കൂൾ സമയത്തിന് ശേഷവും ജോലി ചെയ്തിരുന്നോ, മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും വിലയിരുത്താവുന്നതാണ് |
| (എച്ച്) സ്കൂൾ യുജനോത്സവങ്ങൾക്കും കലാസാംസ്ക്കാരിക കായികമേളകൾക്കും മറ്റ് തദ്ദേശീയ ഉത്സവങ്ങൾക്കും സഹായം നൽകുക ; മേളകളും ഉത്സവങ്ങളും നിയന്ത്രിക്കുക | മേളകളും ഉത്സവങ്ങളും നടത്തുന്നതിന് വേണ്ടി പ്രാതിനിധ്യം ഉൾപ്പെടെയുള്ള സഹായസഹകരണങ്ങൾ നൽകുക |

**മുനിസിപ്പാലിറ്റികൾ പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി ചെയ്യേണ്ട പൊതുവായ കാര്യങ്ങൾ**

(1) സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.

(2) അക്ഷരപുലരി, ആവശ്യധന നിലവാര പദ്ധതി എന്നിവ കാര്യക്ഷമമായി നടത്തിക്കുകയും അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.

(3) മുനിസിപ്പൽ തലത്തിലുള്ള സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുകയും അവയുടെ പൊതുസ്ഥിതിമെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും ഉള്ള പരിപാടികൾ ഫലപ്രദമായി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുക.



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം V

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 40 (1283) കാണുക]

PENDING ESTIMATE AT MINISTRY OF SURFACE TRANSPORT (ANNUAL PLAN WORKS)

| *Sl.No.* | *Name of work and estimate amount* | *This office reference and date remarks* |
|---|---|---|
| *(1)* | *(2)* | *(3)* |
| 1 | NH 47- improvements to accident prone area near P.M.G Junction 565/100. Rs. 29.60 lakhs | NH1.D1.6217/1998 |
| 2 | NH 47- improvements to kallambalam Junction Rs. 35.70 lakhs | NH1.D1.3028/1998 |
| 3 | NH 47- improvements to munnumukku Junction Rs. 26.70 lakhs | NH1.D1.6998/1998 |
| 4 | NH 47- strengthening the weak 2 lane pavement from km. 525/172 to 538/165 (BHAC) Rs. 355.40 lakhs | NH1.D1.6597/1998 |
| 5 | NH 47- strengthening the weak lane by provinding 50mm. BM and 25mm AC chainage 10/617 to 20/720 Thiruvananthapuram-Neyyattinkara byepass. Rs. 214.50 lakhs | NH1.D1.617/2000 |
| 6 | NH 49-Madura-Kochi road improvements to the bridge site at km. 213/800 Rs. 16.74 lakhs | NH4.D4.5921/199 dt.21-12-1999 |
| 7 | NH 49-Madura-Kochi road constructing cc drain and strengthening the shoulders between km 261/150 and 262/000 Rs. 29.20 lakhs | NH4.D4.7410/99 dt.18-1-2000 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 8 | NH 49-M.K road rehabilitation of weakand narrow bridge construction of a new bridge at Vellamakathu at km. 226/827 Rs. 49.78 lakhs | NH4.D4.7237/99 dt.18-1-2000 |
| 9 | Annual plan 1999-2000 NH 49 Madura-Kochi road providing drainage facilities between km. 265/600 to 267/750 Rs. 37.71 lakhs | NH4.D4.7233/99 dt.18-1-2000 |
| 10 | NH 49-Madura-Kochi road providing drainage facilities between km. 275/850 and 277/350 Rs. 35 lakhs | NH4.D4.7231/99 dt.18-1-2000 |
| 11 | Annual plan 1999-2000 NH 49 M.K. road widening of existing bridge at km. 269/600 Rs. 26.50 lakhs | NH4.D4.7234/99 dt.18-1-2000 |
| 12 | Annual plan NH 49 Madura-Kochi road providing drainage facilities and improvements to the carriage way between km. 248/530 and 249/600 Rs. 24.80 lakhs | NH4.D4.7232/99 dt.18-1-2000 |
| 13 | NH 49 Madura-Kochi road improvements to carriage way widening the reach from km. 162/800 to 163/193 from single lane to double lane traffic and providing drainage facilities near high attittude sports in road from drainage facilities training centre old Munnar. Rs. 48.46 lakhs | NH4.D8.5811/98 dt.12-10-1999 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 14 | Annual plan 1999-2000 providing paved shoulders from km. 470/300 to 474/700 Rs. 37.60 lakhs | NH2.D3.2064/99 dt.29-1-2000 |
| 15 | Annual plan 1999-2000 NH 47 providing 100mm BM& 25mm AC from km. 502/800 to 514/500 and providing paved shoulders Rs. 468.20 lakhs | NH2.D3.7323/99 dt.29-1-2000 |
| 16 | Annual plan 1999-2000 NH 208 re-construction of damage culvert and providing drainage facilities 0/00 to 10/00 Rs. 17.15 lakhs | NH2.D3.6036/99 dt.29-1-2000 |
| 17 | Annual plan 1999-2000 NH 208 re-construction of the existing narrow culverts and improving the drainage facilities between km. 10/00 to 22/00 Rs. 30.40 lakhs | NH2.D3.5740/99 dt.29-1-2000 |
| 18 | Annual plan 1999-2000 NH 208 traffic safety measures improvements-widening to the carriage way and improving drainage facilities from ch.70/00 to 75/00 Rs. 42.93 lakhs | NH2.D3.7278/99 dt.29-1-2000 |
| 19 | Annual plan 1999-2000 NH 208 providing high intensity reflective type traffic sign boards, caution boards, destination boards between km. 0/00 to 81/250 Rs. 30.00 lakhs | NH2.D3.7321/99 dt.29-1-2000 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 20 | Annual plan 1999-2000 NH 208 investigation estimate for alignment preparation from km. 0/00 to 81/250 Rs. 32.47 lakhs | NH2.D3.7041/99 dt.29-1-2000 |
| 21 | Annual plan 1999-2000 NH 208 improvements to accident prone location from 69/000 to 70/000 Rs. 32.40 lakhs | NH2.D3.7276/99 dt.29-1-2000 |
| 22 | Annual plan 1999-2000 NH 208 traffic safety measures improvements to widening the carriage way and improving the drainage facilities from km 32/00 to 37/00 Rs. 48.50 lakhs | NH2.D3.7320/99 dt.29-1-2000 |
| 23 | Annual plan 1999-2000 NH 47 traffic safety measures improvements to accident prone area at Ithikkara from km. 508/00 to 510/00 Rs. 46.38 lakhs | NH2.D3.7322/99 dt.29-1-2000 |
| 24 | NH 47- providing paved shoulders from km 441/00 to 444/00 Rs. 43.06 lakhs | NH3.D6.7055/99 dt.4-1-2000 |
| 25 | NH 47- providing paved shoulders between km 436/00 to 438/00 Rs. 37.46 lakhs | NH3.D6.7056/99 dt.4-1-2000 |
| 26 | NH 47- providing side drain between km 416/100 to 417/200 (RHS) Rs. 37.80 lakhs | NH3.D6.7057/99 dt.4-1-2000 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 27 | NH 47- providing paved shoulders from km 438/00 to 441/00 Rs. 44.52 lakhs | NH3.D6.7058/99 dt.4-1-2000 |
| 28 | NH 47- providing paved shoulders from km 434/00 to 436/00 Rs. 42.13 lakhs | NH3.D6.7059/99 dt.4-1-2000 |
| 29 | Special repair to Thottappally spillway bridge Rs. 90.6 lakhs | NH3.D6.6584/99 dt.11-1-2000 |
| 30 | NH 47- land acquisition survey and investigation for the construction of a new bridge across the leading channel at Thottappally between km 433/00 and 435/00 Rs. 29.5 lakhs | NH3.D6.6584/99 dt.8/1999 |
| 31 | NH 47- providing paved shoulders from km 430/00 to 438/00 Rs. 82 lakhs | NH3.D6.7942/98 dt.4-12-1998 |
| 32 | NH 47- Annual plan 1999-2000 providing paved shoulders on either side of the road from km 255/00 to 256/650 Rs. 29.80 lakhs | NH7.D13.7127/99 dt.17-1-2000 |
| 33 | NH 47- Annual plan 1999-2000 providing paved shoulders from km 289/00 to 298/400 Rs. 88 lakhs | NH7.D13.7130/99 dt.22-1-2000 |
| 34 | NH 47- Annual plan 1999-2000 providing paved shoulders from km 256/650 to 259/875 Rs. 38.62 lakhs | NH7.D13.7224/99 dt.22-1-2000 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 35 | NH 47- Annual plan 1999-2000 providing 100mm BM& 25mm AC km 182/200 to 190 Rs. 499 lakhs | NH7.D14.6372/99 dt.29-1-2000 |
| 36 | NH 47- Annual plan 1999-2000 providing paved shoulders from km 196/00 to 215/00 Rs. 187.5 lakhs | NH7.D14.7319/99 dt.29-1-2000 |
| 37 | NH 17- Annual plan 1999-2000 widening and improvements to the approaches of Vadakkekara bridge Rs. 15 lakhs | NH5.D10.206/2000 dt.17-1-2000 |
| 38 | NH 17- Annual plan 1999-2000 improvements to KMC Junction at km 420/400 Rs. 82 lakhs | NH5.D10.207/2000 dt.29-1-2000 |
| 39 | NH 17- Annual plan 1999-2000 improvements to Paravoor junction (Municipal junction) at km 419/800 Rs. 10 lakhs | NH5.D10.208/2000 dt.28-1-2000 |
| 40 | NH 17- widening to 4 lane phase I from km 316/700 to 331/527 project report and estimate for road work Rs. 40.126 crores | NH7.D13.2591/97 dt.5-3-1999 |
| 41 | Estimate for the preparation of the consultancy service for feasibility and detailed project report under B.O.T scheme (AP 99-2000) | NH5.D10.6229/97 dt.29-11-1999 |
| | 1) Kollam byepass on NH 47 | |
| | Phase I Rs. 7, 00, 000 | |
| | Phase II Rs. 5, 90, 000 | |
| | Total Rs. 12, 90, 000 | .do. |
| | 2) Alappuzha byepass on NH 47 | |
| | Phase I Rs. 8, 40, 000 | |
| | Phase II Rs. 8, 50, 000 | |
| | Total Rs. 16, 90, 000 | NH5.D10.6229/97 dt.29-11-1999 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| | 3) Widening to two lane section of NH 17 between Kannur and Kozhikode<br>Phase I Rs. 33, 00, 000<br>Phase II Rs. 66, 90, 000<br>Total Rs. 99, 90, 000 | .do. |
| 42 | NH 17- providing road safety measures between km 238/800 and 263/444 and A.P. 99-2000<br>Rs. 34, 50, 000 lakhs | NH8.D15.4867/99 dt.30-9-1999 |
| 43 | Miscellaneous works 1999-2000 accident prone area widening and providing segregation wall from km 217/000 to 220/000 of NH 17<br>Rs. 35, 01, 000 lakhs | NH8.D15.4865/99 dt.28-9-1999 |
| 44 | Supplying and fixing sign boards, direction boards etc. from km 187/600 to km 320/00 of NH 17<br>Rs. 50,000 lakhs | NH8.D15.4866/99 dt.27-9-1999 |
| 46 | Miscellaneous 1999-2000 widening NH 17 from km. 259/200 to 259/500 of Feroke-Chungalam<br>Rs. 29, 02, 000 lakhs | NH8.D15.4864/99 dt.30-9-1999 |
| 47 | Annual plan 1999-2000 Rectification of accident prone area from km 202/100 to 202/360 of NH 17<br>Rs. 21, 10, 000 lakhs | NH8.D15.5452/99 dt.23-10-1999 |
| 48 | Special Repairs to the Karapuzha bridge at km 233/210 of NH 17<br>Rs. 37, 00, 000 lakhs | NH8.D15.5453/99 dt.23-10-1999 |
| 49 | Annual plan 1999-2000 Improvements to accident prove reach km 300/00 to 301/00 of NH 17<br>Rs. 30 lakhs | NH8.D16.5210/99 dt.14-9-1999 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 50 | Annual plan 1999-2000 accident prove improvements to sharp curve km 289/00 to 290/00 Rs. 30 lakhs | NH8.D16.5208/99 dt.20-9-1999 |
| 51 | Construction of Thalasseri-Mahe byepass phase I from ch. 0/00 to 4/150 of NH 17 Road Formation Rs 7.30 crores | NH9.D17-10934/86 dt.3-12-1999 |
| 52 | -Do-do Construction of Bridges 1) Dharmadom at ch.3232 to 3695) Rs. 16.5 crores 2) Anjarakandy ch. 840 to 1210) Rs. 13.3 crores Rs 29.80 crores | dt.16-12-1999 |
| 53 | Maintenance of Moidu Bridge at ch. 172/1800 of NH17 Rs. 10.15 lakhs | NH9.D17.7221/99 dt.4-1-2000 |
| 54 | Special Repairs to Valapattanam Bridge at km 147/250 of NH 17 Rs. 9.22 lakhs | NH9.D17.2723/99 dt.29-5-1999 |
| 55 | Re-alignment of NH 17 from km 19/000 to 24/900 (Road formation and CP works) Rs. 4.161 Crores | NH9.D18.7326/99 dt.17-1-2000 |



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം VI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 76 (1326) കാണുക]

| നമ്പർ | ജില്ല | പഞ്ചായത്ത് |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | കരകുളം |
| 2 | കൊല്ലം | കുലശേഖരപുരം(കരുനാഗപ്പള്ളി) |
| 3 | ആലപ്പുഴ | എടത്വാ |
| 4 | പത്തനംതിട്ട | കൊടുമ്മൽ |
| 5 | കോട്ടയം | മുതുകുളം |
| 6 | ഇടുക്കി | വാത്തിക്കുടി |
| 7 | എറണാകുളം | ആയവന |
| 8 | തൃശ്ശൂർ | ആനിക |
| 9 | പാലക്കാട് | പറളി |
| 10 | മലപ്പുറം | തകരപാലം |
| 11 | കോഴിക്കോട് | ബാലുശ്ശേരി |
| 12 | കണ്ണൂർ | പാപ്പിനിശ്ശേരി |
| 13 | വയനാട് | പടിഞ്ഞാറേക്കര |
| 14 | കാസർകോട് | പീലിക്കോട് |

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം VII

**[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 83 (1184) കാണുക]**

| നമ്പർ | പദ്ധതി | ചെലവഴിച്ച തുക |
|---|---|---|
| (1) | (2) | (3) |
| 1. | ജനകീയ മത്സ്യക്കൃഷി | 200 ലക്ഷം രൂപ |
| 2. | ജല സംഭരണികളിലെ മത്സ്യക്കൃഷിക്കും ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിക്കും | 30 ലക്ഷം രൂപ |
| 3. | ശുദ്ധജല മത്സ്യ കർഷകവികസന ഏജൻസി | 80 ലക്ഷം രൂപ |
| 4. | ഓരുജല മത്സ്യ കർഷകവികസന ഏജൻസി | 90 ലക്ഷം രൂപ |
| 5. | സാമൂഹ്യ മത്സ്യകൃഷി | 30 ലക്ഷം രൂപ |
| 6. | കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി | 40 ലക്ഷം രൂപ |
| 7. | കടലിൽ കൃത്രിമ പാരു നിർമ്മിക്കുന്ന പദ്ധതി | 5 ലക്ഷം രൂപ |
| 8. | പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻ കൃഷി | 200 ലക്ഷം രൂപ |
| 9. | കുട്ടനാടൻ പ്രദേശത്ത് തരിശായി കിടക്കുന്ന പാടശേഖരങ്ങളിൽ മത്സ്യകൃഷി | 100 ലക്ഷം രൂപ |

LIBRARY ARCHIVES Kerala Legislative Assembly